
# സെന്റ് ആദായീസ് ഗവ.എൽ.പി.എസ്

## നാലുന്നാക്കൽ



## അക്കാദമിക മാസ്റ്റർ പ്ലാൻ

### സ്കൂൾ തലം

### 2025-26

# വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

1. കുട്ടികളുടെ  ഹാജരില്ലായ്മയും ക്രമരഹിത ഹാജരും

2. പഠനപ്രവർത്തനങ്ങളിൽ താൽപ്പര്യമില്ലായ്മ

3. [illegible] കുട്ടികൾ അനുഭവിക്കുന്ന ഭാഷാപരമായ പ്രശ്നങ്ങൾ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ ഉപയോഗിക്കുന്നതിന്)

4. ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് ഭാഷാശേഷികൾ ആർജിക്കാത്ത അവസ്ഥ

5. സാമൂഹ്യജിവിതത്തിന് അവശ്യം വേണ്ട പെരുമാറ്റരീതികളുടെ/ശീലങ്ങളുടെ വികാസക്കുറവ്

6. ഓരോ വിഷയത്തിനും ക്ലാസ്സ് നിലവാരത്തിനനുസരിച്ചുള്ള ശേഷികൾ എല്ലാ കുട്ടികളും നേടാത്ത അവസ്ഥ

7. പ്രാദേശികസാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ

8. പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികളും വിദ്യാലയത്തിലേക്ക് ആകർഷിക്കപ്പെടാത്ത അവസ്ഥ

9. ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ കുറവ്

10. വിവരസാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ

11. പഠനം കുട്ടികൾക്ക് ആസ്വാദ്യകരമാകുന്ന അവസരങ്ങളുടെ കുറവ്

12.  ഓരോ വിഷയത്തിനും കുട്ടികൾക്കു താൽപ്പര്യമുണ്ടാക്കാവുന്ന പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിലെ കുറവ്

13. കുട്ടികളനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന ക്രമരഹിത ഹാജരും പഠനപിന്നാക്കാവസ്ഥയും

# വിദ്യാലയദർശനം( OUR VISION)

***വിദ്യാലയം -***

"വീടിനേക്കാൾ സന്തോഷകരമായ ഇടം"

"കുട്ടികൾ വരാനിഷ്ടപ്പെടുന്ന ഇടം"

"ജനാധിപത്യബോധം വളരുന്ന ഇടം"

"ക്യാമ്പസ് ഒരു പാഠപുസ്തകമാകുന്ന ഇടം"

"പ്രദേശത്തെ എല്ലാ കുട്ടികൾക്കും പഠിക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ ലഭ്യമാകുന്ന ഇടം"

"വികസനത്തിന് ഗ്രാമവും വിദ്യാലയവും കൈകോർക്കുന്ന ഇടം"

"അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രവർത്തനങ്ങൾ താൽപ്പര്യപൂർവ്വം നിർവ്വഹിക്കുന്ന ഇടം"

***ക്ലാസ്സ് മുറികൾ -***

"വിജ്ഞാനം നിർമിക്കപ്പെടുന്ന ഇടം"

"ജനാധിപത്യബോധം വളരുന്ന ഇടം"

"ജ്ഞാനനിർമിതിയിലൂന്നിയ കൂട്ടായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്ന ഇടം"

"പ്രവർത്തനാധിഷ്ഠിത പഠനം നടക്കുന്ന ഇടം"

"ശിശുകേന്ദ്രീകൃത പഠനം നടക്കുന്ന ഇടം"

"ആധുനിക സാങ്കേതികവിദ്യ വിജ്ഞാനനിർമിതിക്കായി പ്രയോജനപ്പെടുത്തുന്ന ഇടം"

"മൂല്യങ്ങൾ, പെരുമാറ്റരീതികൾ എന്നിവ രൂപപ്പെടുന്ന ഇടം"

"കുട്ടികൾ വെല്ലുവിളി നിറഞ്ഞ പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ഇടം"

"ടാലന്റ് ലാബായി മാറ്റപ്പെടുന്ന ഇടം"

"നിർഭയവും സ്വതന്ത്രവുമായി കുട്ടികളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്ന ഇടം"

“Brainstorming നടത്തപ്പെടുന്ന ഇടം"

"പഠനപ്രവർത്തനങ്ങൾ കൂട്ടായി നിർവ്വഹിക്കപ്പെടുന്ന ഇടം"

***കുട്ടികൾ -***

"പ്രവർത്തിച്ചു പഠിക്കുന്നവർ"

"ഓരോ വിഷയത്തിലും ഉന്നതനിലവാരത്തിലുള്ള അറിവും അനുഭവവും ആർജിക്കേണ്ടവർ"

"വെല്ലുവിളികൾ ഏറ്റെടുക്കുന്നവർ"

"ജനാധിപത്യബോധത്തിന്റെ ഉടമകൾ"

"മാതൃകയാക്കാവുന്ന പെരുമാറ്റശീലങ്ങൾ ആർജിക്കേണ്ടവർ"

"അധ്യാപികയുടെ പഠനപിന്തുണ ഉപയോഗപ്പെടുത്തി വിജ്ഞാനം കൂട്ടായി ആർജിക്കുന്നവർ"

"ചലനാത്മക പ്രവർത്തനങ്ങളിലേർപ്പെടുന്നവർ"

"പഠനം ആസ്വാദ്യകരമാക്കുന്നവർ"

"ഉയർന്ന ഭാഷാശേഷി ആർജിക്കേണ്ടവർ ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി)"

"ശാസ്ത്രബോധത്തിന്റെ ഉടമകളാകേണ്ടവർ"

"സാമൂഹികമൂല്യങ്ങളും ശീലങ്ങളും ചരിത്രബോധവും ആർജിക്കേണ്ടവർ"

"നിത്യജീവിതപ്രശ്നങ്ങൾ നേടിയ വിജ്ഞാനമുപയോഗിച്ച് പരിഹരിക്കേണ്ടവർ"

"തുടർപഠനത്തിനുള്ള  വിജ്ഞാനവും ഉയർന്ന വിഷയധാരണയും സ്വായത്തമാക്കേണ്ടവർ"

***അധ്യാപകർ -***

"ഗവേഷണാത്മകമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"ക്ലാസ്സ്മുറിയെ വിജ്ഞാനനിർമിതിക്കുള്ള ഇടമാക്കി മാറ്റുന്നവർ"

"പഠനത്തിൽ പ്രാദേശികസാധ്യത ഉപയോഗപ്പെടുത്തുന്നവർ"

"കുട്ടിയുടെ പ്രകൃതം പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ"

"പ്രശ്നങ്ങൾ ഗവേഷണാത്മകമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നവർ"

"സമയബന്ധിതമായും സർഗാത്മകമായും ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവർ"

"ഓരോ കുട്ടിയുടെയും പ്രശ്നങ്ങൾ, നിലവാരം എന്നിവ തിരിച്ചറിഞ്ഞ് ഭിന്നനിലവാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നവർ"

# ലക്ഷ്യങ്ങൾ (OUR MISSION)

1. വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന നിലവാരത്തിൽ മാതൃഭാഷയിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കൽ

2. ഇംഗ്ലീഷ് ഭാഷയിൽ അനായാസേന ആശയവിനിമയം നടത്തുന്നതിനും വിവിധ discourses ഓരോ ക്ലാസ്സിന്റെയും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഉപയോഗിക്കുന്നതിനുമുള്ള കഴിവുണ്ടാക്കൽ

3. ഹിന്ദിയിൽ അനായാസേന ആശയവിനിമയം നടത്തൽ, ക്ലാസ്സുകൾക്കനുസരിച്ച് ഏറ്റവുമുയർന്ന നിലവാരത്തിൽ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കാൻ പ്രാപ്തരാക്കൽ

4. ശാസ്ത്രപഠനത്തിലൂടെ നേടേണ്ട എല്ലാ പ്രക്രിയാശേഷികളും ശാസ്ത്രബോധവും ആർജിക്കാൻ കുട്ടിയെ പ്രാപ്തരാക്കൽ, പുതിയ വിജ്ഞാനനിർമിതിക്ക്/ കണ്ടെത്തലുകൾക്ക് കുട്ടിയെ പ്രാപ്തരാക്കൽ

5. ശേഖരിക്കപ്പെട്ട വിജ്ഞാനത്തെ അപഗ്രഥിക്കാനും നിലവിലുള്ള സമൂഹത്തെ വിലയിരുത്താനും ഭാവിയെ രൂപകൽപ്പനചെയ്യാനും പ്രാപ്തരാക്കുന്ന വിധത്തിൽ ഓരോ ക്ലാസ്സിലെ കുട്ടികളെയും ഉയർന്ന സാമൂഹ്യശാസ്ത്രപഠനനിലവാരത്തിലെത്തിക്കൽ

6. അനുഭവം, ഭാഷ, ചിത്രം, ബിംബനം എന്നീ ക്രമത്തിൽ ഗണിതാശയങ്ങൾ സ്വായത്തമാക്കാനും ഓരോ ക്ലാസ്സിലെയും ഏറ്റവുമുയർന്ന നിലവാരത്തിൽ ശേഷികൾ ആർജിച്ച് നിത്യജീവിതസന്ദർഭങ്ങളിൽ ഗണിതാശയങ്ങൾ പ്രശ്നപരിഹരണത്തിനായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക

7. ചിട്ടയായ പരിശീലനങ്ങൾ, കളികൾ എന്നിവയിലൂടെ ഉയർന്ന ആത്മാഭിമാനവും കായികശേഷിയുമുള്ള കുട്ടികളെ വളർത്തിയെടുക്കൽ, ഉയർന്ന ശാരീരിക- മാനസിക ആരോഗ്യമുള്ള കുട്ടികളായി ഓരോ കുട്ടിയെയും മാറ്റിയെടുക്കൽ.

8. കുട്ടികളിലെ സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി വിവിധ നിർമാണ പ്രവർത്തനങ്ങളിൽ നൈപുണ്യം വളർത്തൽ, സാമ്പത്തികനേട്ടങ്ങൾ ലഭിക്കും വിധം വിവിധ ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ അവരെ പ്രാപ്തരാക്കൽ

9. ഓരോ കുട്ടിയിലും വിവിധ കലാരൂപങ്ങളിലുള്ള കഴിവ് തിരിച്ചറിയാനും തങ്ങളുടേതായ ഒരു മേഖലയിലെങ്കിലും പ്രതിഭയായി കുട്ടിയെ മാറ്റാനും മികച്ച ആസ്വാദകരും വിമർശകരുമാകത്തക്കവിധം കലാപഠനത്തിന്റെ വൈജ്ഞാനിക അടിത്തറ വികസിപ്പിക്കാനും ഉതകുന്ന മികച്ച പരിശീലനം നൽകൽ

10. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന അയൽപ്പക്കവിദ്യാലയമായി

സ്കൂളിനെ മാറ്റി , പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കൽ

11. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കി മാറ്റി കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കൽ

12. മികച്ച ഗവേഷണാത്മക ബോധനമാതൃകകൾ സൃഷ്ടിക്കൽ

13. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവുമുയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കൽ

14. പ്രാദേശികസാധ്യതകൾ പ്രയോജനപ്പെടുത്തി , പഠനം കൂടുതൽ പരിസരബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമാക്കൽ

15. വിദ്യാലയത്തിലെ ഓരോ ഇടവും ടാലന്റ് ലാബുകളാക്കൽ

16. ഓരോ മേഖലയിലും പ്രതിഭകൾക്കു വേണ്ട പോഷണപ്രവർത്തനങ്ങൾ നൽകൽ

17. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഷയത്തിലും ആവശ്യമായ കൈത്താങ്ങ് നൽകൽ

# 1. എൽ.പി. വിഭാഗം

## a) ഉദ്ഗ്രഥനം

***ഉപലക്ഷ്യങ്ങൾ***

1. 1,2 ക്ലാസ്സുകളിലെ കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിലുള്ള ലേഖനം, ഭാഷണം, ശ്രവണം, വായന എന്നീ ശേഷികൾ മെച്ചപ്പെടുത്തുന്നതിന്

2. സംഖ്യാബോധം വളർത്തിയെടുക്കുന്നതിനും ഗണിതപഠനതാൽപ്പര്യം വളർത്തുന്നതിനും

3. അക്ഷരങ്ങളും ചിഹ്നങ്ങളും ധാരണ ഉറപ്പിക്കുന്നതിന്

4. ഒരക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും ധാരണ ഉറപ്പിക്കുന്നതിന്

5. ലഘുവാക്യങ്ങൾ അനായാസം എഴുതുന്നതിന് പ്രാപ്തനാക്കുന്നതിന്

6. ചിഹ്നങ്ങൾ തെറ്റു കൂടാതെ ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നതിന്

***പ്രവർത്തനങ്ങൾ***

**1.അക്ഷരഗ്ലോബ് നിർമാണം**

ഉപയോഗശൂന്യമായ ഗ്ലോബുകളിൽ അക്ഷരങ്ങൾ ഒട്ടിക്കുന്നു. അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ വാക്കുകൾ ഉണ്ടാക്കുന്ന കളികൾ, മത്സരങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. അക്ഷരചിത്രങ്ങൾ**

അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. നിറം നൽകുന്നു, പ്രദർശിപ്പിക്കുന്നു, കുട്ടികൾക്ക് അംഗീകാരം നൽകുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. എന്റെ പദശേഖരം**

ബുള്ളറ്റിൻ ബോർഡിൽ അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ എന്നിവ ഉപയോഗിച്ച്

കുട്ടികളുടെ ചർച്ചയോടെ വാക്കുകൾ രൂപീകരിച്ച് പ്രദർശിപ്പിക്കുന്നു. ഓരോ ദിവസത്തെയും വാക്കുകൾ 'എന്റെ പദശേഖരം' എന്ന പുസ്തകത്തിൽ ഓരോരുത്തരും രേഖപ്പെടുത്തുന്നു. പുസ്തകങ്ങൾ ക്ലാസ്സിൽ സൂക്ഷിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**4. സംഖ്യാ ചങ്ങല**

തെർമോകോൾ മുത്തുകൾ ഉപയോഗിച്ച് ഡിസ്പ്ലേ ബോർഡിൽ കുട്ടികളുടെ ചർച്ചയോടെ സംഖ്യകൾ ചിത്രീകരിക്കുന്നു. ഓരോ ദിവസവും ഓരോ കുട്ടികൾക്ക് സംഖ്യകൾ ക്രമീകരിക്കാൻ അവസരം നൽകുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**5. സംഖ്യാകേളികൾ**

ഉച്ചഭക്ഷണ ശേഷമുള്ള സമയത്ത് കളിക്കുന്നതിനായി വിവിധ സംഖ്യാകേളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. സംഖ്യാബോധം ഉറപ്പിക്കുന്നതിനു കൂടി സഹായകമായ തിയറ്റർ ഗെയിമുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**6. സംഖ്യാപോക്കറ്റ് നിർമാണം**

ചാർട്ടിൽ നിരയായി 3 പോക്കറ്റുകൾ നിർമിക്കുന്നു. പോക്കറ്റുകളിൽ 2 എണ്ണത്തിൽ സംഖ്യാകാർഡുകൾ ഇടുന്നു. അവയിലുള്ള ക്രിയകൾ (സങ്കലനം, വ്യവകലനം) അനുസരിച്ച് ശരിയുത്തരത്തിന്റെ കാർഡുകൾ തെരഞ്ഞെടുത്ത് മൂന്നാമത്തെ പോക്കറ്റിൽ നിക്ഷേപിക്കാം. കാർഡുകൾ മാറ്റി നൽകിക്കൊണ്ടേയിരിക്കും.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## 7. PICTURE CARD GAMES

Set of cards with pictures of different occasions are distributed to the children. Cards with different words are also given. Students make set of the cards in the right way by arranging the correct words related to the picture cards.

| *Time period* | *Coordinator* |
|---|---|
| June - March | Teacher of the concerned subject |

## b) മലയാളം (ക്ലാസ്സ് - 3,4)

**ഉപലക്ഷ്യങ്ങൾ**

1. ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
2. ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
3. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ക്ലാസ്സ്റൂം ചിത്രകഥകൾ**

അധ്യാപിക ക്ലാസ്സ്റൂമിലെ വിവിധ സന്ദർഭങ്ങളുടെ ചിത്രമെടുത്ത് കമ്പ്യൂട്ടർ സഹായത്തോടെ ചിത്രകഥകളാക്കി മാറ്റുന്നു. സ്വാഭാവിക സന്ദർഭങ്ങളും റോൾ പ്ലേയിലെ രംഗങ്ങളും ഉപയോഗിക്കാം. ചിത്രകഥയിലെ ഒഴിഞ്ഞ സംഭാഷണ ബോക്സുകൾ കുട്ടികൾ പൂരിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. ചിത്രവായനാകാർഡുകൾ**

വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയ ശേഷം അവയുമായി ബന്ധപ്പെട്ട കഥകൾ/ ലഘുവിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു.
കുട്ടികൾ തയ്യാറാക്കിയ കഥകൾ പരസ്പരം കൈമാറി അവയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ വരച്ച് അടിക്കുറിപ്പ് നൽകാനും ആവശ്യപ്പെടുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. ഒരാഴ്ച - ഒരു പ്രസംഗം**

വിവിധ വസ്തുക്കൾ, സംഭവങ്ങൾ എന്നിവയെ ആസ്പദമാക്കി വിവരശേഖരണം നടത്തി ആഴ്ചയിലൊരിക്കൽ ഒരു പ്രസംഗം വീതം നടത്തുന്നു. 3, 4 ക്ലാസ്സുകളിൽ ഉച്ചയ്ക്കുള്ള വായനാ സമയം ഇതിനായി ഉപയോഗിക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ- മാർച്ച് (ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

**4. ഒരാഴ്ചക്കഥകൾ**

ക്ലാസ്സിലെ അധ്യാപിക ഉൾപ്പെടെ എല്ലാവരും ഒരുമിച്ച് പങ്കാളികളാവുന്ന ഈ പ്രവർത്തനത്തിൽ ആഴ്ചയുടെ തുടക്കത്തിൽ ഒരു കഥയുടെ ഒരു വരിയെഴുതി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ഒരാഴ്ച കൊണ്ട് ഓരോരുത്തരും ഓരോ വരികൾ ദിവസവും കൂട്ടിച്ചേർത്ത് കഥ പൂർത്തിയാക്കുന്നു.

| പ്രവർത്തന കാലയളവ് | നിർവ്വഹണ ചുമതല |
| --- | --- |
| ജൂൺ- മാർച്ച് ആഴ്ചയിലൊരിക്കൽ) | വിഷയത്തിന്റെ അധ്യാപിക |

## c) ENGLISH ( CLASS – 3,4)

**Objectives:**

1. Using games to enrich vocabulary and ensure fluency in English
2. Provide support for reading, listening, writing and speaking English fluently

**Activities**

**1. 'Spelling Bee' Games and other Language games using ICT**

Using spelling B games and other language games to enrich vocabulary. Students learn more English words and play these games once in a week during the reading hour at 1.15 pm. They can use ICT in I.T/English periods to play language games. They list out all words used in these games and

**7. PICTURE CARD GAMES**

Set of cards with pictures of different occasions are distributed to the children. Cards with different words are also given. Students make set of the cards in the right way by arranging the correct words related to the picture cards.

| *Time period* | *Coordinator* |
|---|---|
| June - March | Teacher of the concerned subject |

## b) മലയാളം (ക്ലാസ്സ് - 3,4)

**ഉപലക്ഷ്യങ്ങൾ**

1. ഭാഷണത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
2. ലേഖനത്തിനുള്ള കഴിവ് വികസിപ്പിക്കുന്നതിന്
3. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

**1. ക്ലാസ്സ്റൂം ചിത്രകഥകൾ**

അധ്യാപിക ക്ലാസ്സ്റൂമിലെ വിവിധ സന്ദർഭങ്ങളുടെ ചിത്രമെടുത്ത് കമ്പ്യൂട്ടർ സഹായത്തോടെ ചിത്രകഥകളാക്കി മാറ്റുന്നു. സ്വാഭാവിക സന്ദർഭങ്ങളും റോൾ പ്ലേയിലെ രംഗങ്ങളും ഉപയോഗിക്കാം. ചിത്രകഥയിലെ ഒഴിഞ്ഞ സംഭാഷണ ബോക്സുകൾ കുട്ടികൾ പൂരിപ്പിക്കുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. ചിത്രവായനാകാർഡുകൾ**

വിവിധ ചിത്രങ്ങൾ അടങ്ങിയ കാർഡുകൾ നൽകിയ ശേഷം അവയുമായി ബന്ധപ്പെട്ട കഥകൾ/ ലഘുവിവരണങ്ങൾ എന്നിവ കുട്ടികൾ തയ്യാറാക്കുന്നു.

കുട്ടികൾ തയ്യാറാക്കിയ കഥകൾ പരസ്പരം കൈമാറി അവയെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ വരച്ച് അടിക്കുറിപ്പ് നൽകാനും ആവശ്യപ്പെടുന്നു.

prepare '*My word book*'.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**2. Lone word collections**

Students collect lone words with the help of teacher and prepare *'My Word book'*

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**3. English library**

Arranging English books and reading cards in the class library. Ensuring proper usage of library by issuing charge of class librarian.

| *Time period* | *Coordinator* |
|---|---|
| June - March | English Teacher |

**4. Rhyme Time**

Half an hour from 1.15 pm to 1.45 pm is given to students for watching English rhymes once in a week. Rhymes are presented before students using ICT and time is given to students for presenting learned rhymes.

| *Time period* | *Coordinator* |
|---|---|
| June – March | English Teacher |

## d) പരിസരപഠനം

**ഉപലക്ഷ്യങ്ങൾ**

1. പരിസരബന്ധിതമായി നടത്തുന്ന നിരീക്ഷണങ്ങൾ, പരീക്ഷണങ്ങൾ എന്നിവ വഴി പരിസരപഠനതാൽപ്പര്യം വർദ്ധിപ്പിക്കുകയും പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നതിന്

2. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റി സ്കൂൾ ചുറ്റുപാടിൽ നിന്നും സസ്യലതാദികളുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നതിന്

## പ്രവർത്തനങ്ങൾ

### 1. ഹെർബേറിയം നിർമാണം

ക്യാമ്പസിലെ ചെടികളുടെ ഇലകൾ ശേഖരിച്ചു കൊണ്ട് ഹെർബേറിയം തയ്യാറാക്കുന്നു. ഇലവിന്യാസങ്ങളുടെ പേരുകൾ, ചെടിയുടെ പേരുകൾ എന്നിവ രേഖപ്പെടുത്തുന്നു. തുടർ പഠനങ്ങൾക്കുള്ള റഫറൻസ് സാമഗ്രിയായി സൂക്ഷിച്ചു വയ്ക്കുന്നു. (ക്ലാസ്സ് 4 ന്റെ പ്രവർത്തനം)

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 2. ശേഖരണമൂല തയ്യാറാക്കൽ

വേരുകൾ, വിവിധ തരം മണ്ണുകൾ, കിഴങ്ങു വർഗ്ഗങ്ങൾ , കായകൾ, ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ശേഖരണമൂല തയ്യാറാക്കുന്നു. ഇവയുടെ വർഗ്ഗീകരണം, പ്രത്യേകതകൾ എന്നിവ പട്ടികപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

### 3. ക്ലാസ്സ്റൂം പച്ചക്കറിത്തോട്ടങ്ങൾ

ക്ലാസ്സ് റൂമിനു മുമ്പിലായി  പച്ചക്കറിത്തോട്ടങ്ങൾ നിർമിക്കുന്നു. ചെടികൾ നടുന്നതു മുതലുള്ള കാര്യങ്ങൾ എന്റെ നിരീക്ഷണക്കുറിപ്പുകളിൽ രേഖപ്പെടുത്തുന്നു. ഓരോ ദിവസവുമുള്ള മാറ്റങ്ങൾ പട്ടികപ്പെടുത്തുന്നു. ഇഴവള്ളികൾ, ആരോഹികൾ എന്നിവയെ തിരിച്ചറിയുന്നു, രേഖപ്പെടുത്തുന്നു. ചെടികൾക്ക് ലേബലിങ് നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

## e) ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗുണന വസ്തുതകൾ ഉറപ്പിക്കുന്നതിന്
2. സ്ഥാനവിലകൾ ഉറപ്പിക്കുന്നതിന്
3. സങ്കലന വ്യവകലന ക്രിയകൾ രസകരമായി അഭ്യസിക്കുന്നതിന് പ്രവർത്തനങ്ങൾ
4. ഗണിതപഠനതാൽപ്പര്യം വർദ്ധിപ്പിക്കുന്നതിന്
5. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘു സംഖ്യാശ്രേണികൾ എന്നിവ മനസ്സിലാക്കുന്നു

**പ്രവർത്തനങ്ങൾ**

**1. കപ്പ് കൊട്ടാര നിർമാണം**

വിവിധ സംഖ്യകളുടെ ഗുണന വസ്തുതകൾക്കനുയോജ്യമായ രീതിയിൽ ഡിസ്പോസിബിൾ ഗ്ലാസ്സുകൾ ഉപയോഗിച്ച് കപ്പ് കൊട്ടാരം നിർമിക്കുന്നു. ഗുണനവസ്തുതകൾ പട്ടികപ്പെടുത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**2. പൊട്ടുകൾ കൊണ്ടുള്ള പാറ്റേണുകൾ**

കുട്ടികൾ വിവിധ തരം പൊട്ടുകൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമിക്കുന്നു. ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, ലഘു സംഖ്യാശ്രേണികൾ എന്നിവ തയ്യാറാക്കിയ ശേഷം സംഖ്യാരൂപത്തിൽ പട്ടികപ്പെടുത്തുന്നു, സാമാന്യ വൽക്കരണം നടത്തുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |

**3. സംഖ്യാപോക്കറ്റ് നിർമാണം**

ചതുഷ്ക്രിയകൾക്കനുയോജ്യമായ രീതിയിൽ സംഖ്യാപോക്കറ്റുകൾ നിർമിക്കുന്നു, പാഠാസൂത്രണത്തിനനുസരിച്ച് കുട്ടികൾ വിവിധ സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു.

| *പ്രവർത്തന കാലയളവ്* | *നിർവ്വഹണ ചുമതല* |
|---|---|
| ജൂൺ- മാർച്ച് | വിഷയത്തിന്റെ അധ്യാപിക |